# പതിനഞ്ചാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

## ബുള്ളറ്റിൻ—ഭാഗം I

(നിയമസഭാ നടപടികളുടെ സംക്ഷിപ്ത വിവരണം)

2025 ഒക്ടോബർ 8, ബുധൻ

**നമ്പർ 190**

രാവിലെ 9.00 മണിക്ക് സ്പീക്കറുടെ അധ്യക്ഷതയിൽ നിയമസഭ സമ്മേളിച്ചു.

ചോദ്യങ്ങൾ :

മറുപടി പറയാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ അഞ്ച് ചോദ്യങ്ങൾ സഭയിൽ ചോദിക്കുകയും അവയ്ക്ക് വാങ്മൂലം ഉത്തരം നൽകുകയും ചെയ്തു.

[ചോദ്യോത്തരവേള ആരംഭിച്ചപ്പോൾതന്നെ പ്രതിപക്ഷ അംഗങ്ങൾ മുദ്രാവാക്യം വിളിക്കുകയും, സഭാനടപടികൾ തടസ്സപ്പെടുത്തുവാൻ ശ്രമിക്കുകയും ചെയ്തു. ചോദ്യോത്തര വേളയുടെ തുടർന്നുള്ള നടപടികൾ അൽപ്പ സമയത്തേക്ക് നിർത്തി വെയ്ക്കുന്നതായും സ്പീക്കർ സഭയെ അറിയിച്ചു.]

(സഭാ നടപടികൾ പുനരാരംഭിക്കുകയും പ്രതിപക്ഷ അംഗങ്ങൾ പ്രതിഷേധം തുടരുകയും ചെയ്തു)

(സർക്കാർ സ്വീകരിച്ച നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷ കക്ഷികളിൽപ്പെട്ട അംഗങ്ങൾ സഭയിൽ മുദ്രാവാക്യം വിളിക്കുകയും തുടർന്നുള്ള സഭാ നടപടികൾ ബഹിഷ്കരിച്ച് സഭയിൽ നിന്നിറങ്ങിപ്പോകുകയും ചെയ്തു. )

ശ്രദ്ധക്ഷണിക്കൽ :

(1). ഇൻഫോപാർക്ക് വരെ വിഭാവനം ചെയ്തിട്ടുള്ള കൊച്ചി മെട്രോ റെയിൽ വികസന പദ്ധതി മനക്കക്കടവ് പാലം വരെ ദീർഘിപ്പിക്കേണ്ടതിന്റെയും നിർദ്ദിഷ്ട തിരുവനന്തപുരം, കോഴിക്കോട് മെട്രോ റെയിൽ പദ്ധതികളുടെ പ്രാരംഭപ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തേണ്ടതിന്റെയും ആവശ്യകതയിലേക്ക് ശ്രീ. പി. വി. ശ്രീനിജിൻ മുഖ്യമന്ത്രിയുടെ ശ്രദ്ധ ക്ഷണിച്ചു. മുഖ്യമന്ത്രി അത് സംബന്ധിച്ച് ഒരു പ്രസ്താവന നടത്തി.

(കാര്യവിവരപട്ടികയിലെ രണ്ടാമത്തെ ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചില്ല)

KNPP.1309/2025.

ചട്ടം 304 പ്രകാരമുള്ള വിഷയങ്ങൾ:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ലിന്റോ ജോസഫ് | പുതുപ്പാടി പഞ്ചായത്തിലെ ഭൂപ്രശ്നം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ . യു. ജനീഷ്കുമാർ | കോന്നി മലയോര മേഖലയിലെ പട്ടയ വിതരണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ഉഡുപ്പി കരിന്തളം 400 കെ.വി. ലൈൻ പ്രവൃത്തി നഷ്ടപരിഹാരം | വൈദ്യുതി വകുപ്പുമന്ത്രി |
| 5. | ശ്രീ. പി. എസ്. സുപാൽ | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 6. | ശ്രീമതി യു. പ്രതിഭ | കനീസാകടവ് പാലം, മാർക്കറ്റ് പാലം, കോയിക്കൽ പടിക്കൽ പാലം നിർമ്മാണം | പൊതുമരാമത്ത് -വിനോദസഞ്ചാരം വകുപ്പുമന്ത്രി |

അതാത് വിഷയം സംബന്ധിച്ച് ബന്ധപ്പെട്ട മന്ത്രിമാർ പ്രസ്താവന നടത്തി.

റിപ്പോർട്ടുകളുടെ സമർപ്പണം:

i) സബ്ജക്ട് കമ്മിറ്റി V-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

ii) സബ്ജക്ട് കമ്മിറ്റി XII-ന്റെ ഭക്ഷ്യ വസ്തുക്കളിലെ ഹാനികരമായ രാസവസ്തുക്കളുടെ പ്രയോഗം തടയൽ സംബന്ധിച്ച കമ്മിറ്റിയുടെ പ്രത്യേക റിപ്പോർട്ട് സമർപ്പിച്ചു

iii) സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2024-2025 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച നാലാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിച്ചു.

<u>നിയമനിർമ്മാണ കാര്യം:</u>

<u>1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന ഉപക്ഷേപവും അനന്തരഘട്ടങ്ങളും:</u>

<u>i) 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം (കേരള ഭേദഗതി) ബിൽ</u>

വനം-വന്യജീവി വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ, 2025-ലെ വന്യജീവി സംരക്ഷണം(കേരള ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. പി. ടി. എ. റഹീം സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള വന (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീ. വി. കെ. പ്രശാന്ത് 2025-ലെ കേരള വന (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. ശ്രീ. മാത്യു ടി. തോമസ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ വന്യജീവി സംരക്ഷണം(കേരള ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീ. ലിന്റോ ജോസഫ് 2025-ലെ വന്യജീവി സംരക്ഷണം(കേരള ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 ബി ഭേദഗതിയും അവതരിപ്പിച്ച് സംസാരിച്ചു. വനം, വന്യജീവി വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസാക്കുകയും ചെയ്തു.

<u>i) 2025 -ലെ കേരള വന (ഭേദഗതി) ബിൽ</u>

<u>രണ്ടാം വകുപ്പ്</u>

i) In section 2(c) proposed to be substituted in the principal Act by clause 2 for the word "Watcher" the words "Forest Beat Assistant" shall be substituted.

ii) In section 2(c) proposed to be substituted in the principal Act by clause 2 for the word "rules" the word "rule" shall be substituted.

<u>ഏഴാം വകുപ്പ്</u>

i) In section 68(1) proposed to be substituted in the principal act by clause 7 for the word "officer" the word "Officer" shall be substituted.

ii) 2025 -ലെ വന്യജീവി സംരക്ഷണം ( കേരള ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

i) In the explanation 1(a) to section 11(1)(a) proposed to be inserted in the principal

Act by clause 2(1)(ii) after the words “residential area” the words “or agriculture area”

shall be inserted.

ഒന്നാം വകുപ്പും പീഠികയും പേരും

i) In the enacting formula, for the word “Sixth” the word “sixth” shall be substituted.

ii) 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. എം. ബി. രാജേഷ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ എന്നിവ പരിഗണനയ്ക്ക് എടുക്കണമെന്ന ഉപക്ഷേപം അവതരിപ്പിച്ചു. ശ്രീ. പി. എസ്. സുപാൽ ചുമതലപ്പെടുത്തിയ പ്രകാരം ശ്രീ. പി. ബാലചന്ദ്രൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1എ ഭേദഗതിയും ശ്രീ. വി. ജോയ് 2025-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതിയും അവതരിപ്പിച്ച സംസാരിച്ചു. ശ്രീ. എ. പ്രഭാകരൻ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതിയും ശ്രീ. ജി. സ്റ്റീഫൻ 2025-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2ബി ഭേദഗതിയും അവതരിപ്പിച്ച സംസാരിച്ചു. തദ്ദേശസ്വയംഭരണ-എക്സൈസ്-പാർലമെന്ററികാര്യ വകുപ്പുമന്ത്രിയുടെ മറുപടിക്കുശേഷം അവതരിപ്പിച്ച ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു. തുടർന്ന് ഉപക്ഷേപം പാസ്സാകുകയും ബിൽ വകുപ്പ് തിരിച്ചുള്ള പരിഗണനയ്ക്ക് എടുക്കുകയും താഴെപ്പറയുന്ന ഭേദഗതികളോടെ പാസാക്കുകയും ചെയ്തു.

i) 2025 -ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

i) ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

ii) 2025 -ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ

രണ്ടാം വകുപ്പ്

i) ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

മൂന്നാം വകുപ്പ്

i) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

നാലാം വകുപ്പ്

i) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(4)-ന്റെ ക്ലിപ്തനിബന്ധയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

2025 ഒക്ടോബർ 9-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00-ന് വീണ്ടും സമ്മേളിക്കുന്നതിനായി ഉച്ചയ്ക്ക് 2.10-ന് സഭ പിരിഞ്ഞു.

ഡോ. എൻ. കൃഷ്ണ കുമാർ,

*സെക്രട്ടറി.*

1309/2025.

**FIFTEENTH KERALA LEGISLATIVE ASSEMBLY**

Fourteenth Session

**BULLETIN—PART I**

(Brief Record of Proceedings)

*Wednesday, October 8 , 2025.*

**No. 190**

The Assembly met at 9.00 a.m. with Mr. Speaker in the Chair.

*Questions:*

Five Questions in the list of Questions posted for the day were answered orally.

[At the commencement of the Question Hour, Members of the Opposition started shouting slogans and tried to disrupt the proceedings. The Speaker then announced that further proceedings of the Question Hour were suspended for a while.]

(When the House resumed, the Members of the Opposition continued their protest)

(As a mark of protest against the stand taken by the Government, Members belonging to the Opposition parties shouted slogans, boycotted the further proceedings of the House)

*Calling Attention:*

(1) Shri P. V. Sreenijin called the attention of the Chief Minister to the necessity to extend the Kochi Metro Rail development project upto Manakkakadavu bridge which is envisaged upto infopark and to expedite the initial works of the proposed Thiruvananthapuram, Kozhikode Metro Rail projects. The Chief Minister made a statement thereto.

(The second calling attention in the List of Business was not presented.)

*Matters under Rule 304:*

The matters raised in the House by the Members under Rule 304 are listed below:

| നം. | അംഗം | വിഷയം | വകുപ്പുമന്ത്രി |
|---|---|---|---|
| 1. | ശ്രീ. ലിന്റോ ജോസഫ് | പുതുപ്പാടി പഞ്ചായത്തിലെ ഭൂപ്രശ്നം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 2. | ശ്രീ. കെ . യു. ജനീഷ്കുമാർ | കോന്നി മലയോര മേഖലയിലെ പട്ടയ വിതരണം | റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി |
| 3. | ശ്രീ. സി. എച്ച്. കുഞ്ഞമ്പു | ഉഡുപ്പി കരിന്തളം 400 കെ.വി. ലൈൻ പ്രവൃത്തി നഷ്ടപരിഹാരം | വൈദ്യുതി വകുപ്പുമന്ത്രി |
| 5. | ശ്രീ. പി. എസ്. സുപാൽ | റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ തൊഴിലാളികളെ സ്ഥിരപ്പെടുത്തൽ | പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി |
| 6. | ശ്രീമതി യു. പ്രതിഭ | കനീസാകടവ് പാലം, മാർക്കറ്റ് പാലം, കോയിക്കൽ പടിക്കൽ പാലം നിർമ്മാണം | പൊതുമരാമത്ത് - വിനോദസഞ്ചാരം വകുപ്പുമന്ത്രി |

The Ministers concerned made the statements regarding the respective subjects.

*Presentation of Reports:*

i) The Periodical Report of the Subject Committee V for the period from 1st April, 2024 to 31st March, 2025 and the Action Taken Report on the recommendations regarding the Fourth Report on the Scrutiny of Demands for Grants for the Financial year 2024-2025 were presented.

ii) Special Report of the Subject Committee XII on Prevention of use of harmful chemicals in food products was presented.

iii) The Periodical Report of the Subject Committee XIII for the period from 1st April, 2024 to 31st March, 2025 and the Action Taken Report on the recommendations regarding the Fourth Report on the Scrutiny of Demands for Grants for the Financial year 2024-2025 were presented.

*Legislative Business:*

1) Motion for consideration and further stages of the following Bills as reported by the Subject Committee:

i) The Kerala Forest (Amendment) Bill, 2025 and The Wild Life Protection (Kerala Amendment) Bill, 2025

Shri A. K. Saseendran, Minister for Forest and Wild Life, moved the motion that The Kerala Forest (Amendment) Bill, 2025 and The Wild Life Protection (Kerala Amendment) Bill, 2025 as reported by the subject committee be taken up for consideration. Shri P. T. A. Rahim moved 1A amendment to circulate The Kerala Forest (Amendment) Bill, 2025 as reported by the Subject Committee for eliciting public opinion and Shri V. K. Prasanth moved 2B amendment to recommit The Kerala Forest (Amendment) Bill, 2025 to the same Subject Committee and spoke. Shri Mathew T. Thomas moved 1A amendment to circulate The Wild Life Protection (Kerala Amendment) Bill, 2025 as reported by the Subject Committee for eliciting public opinion and Shri Linto Joseph moved 2B amendment to recommit The Wild Life Protection (Kerala Amendment) Bill, 2025 to the same Subject Committee and spoke. After the reply by the Minister for Forest and Wild Life, the amendments were withdrawn by the leave of the House. Then the motion was adopted and the Bill was taken up for clause by clause consideration and passed with the following amendments.

i) The Kerala Forest (Amendment) Bill

രണ്ടാം വകുപ്പ്

i) In section 2(c) proposed to be substituted in the principal Act by clause 2 for the word "Watcher" the words "Forest Beat Assistant" shall be substituted.

ii) In section 2(c) proposed to be substituted in the principal Act by clause 2 for the word "rules" the word "rule" shall be substituted.

<u>ഏഴാം വകുപ്പ്</u>

i) In section 68(1) proposed to be substituted in the principal act by clause 7 for the word "officer" the word "Officer" shall be substituted.

ii) <u>The Wild Life Protection (Kerala Amendment) Bill, 2025</u>

<u>രണ്ടാം വകുപ്പ്</u>

i) In the explanation 1(a) to section 11(1)(a) proposed to be inserted in the principal

Act by clause 2(1)(ii) after the words "residential area" the words "or agriculture area"

shall be inserted.

<u>ഒന്നാം വകുപ്പും പീഠികയും പേരും</u>

i) In the enacting formula, for the word "Sixth" the word "sixth" shall be substituted.

<u>ii) The Kerala Municipality (Amendment) Bill, 2025 and The Kerala Panchayat Raj (Amendment) Bill, 2025</u>

Shri M. B. Rajesh, Minister for Local Self Governments, Excise and Parliamentary Affairs, moved the motion that The Kerala Municipality (Amendment) Bill, 2025 and The Kerala Panchayat Raj (Amendment) Bill, 2025 as reported by the subject committee be taken up for consideration. Shri P. Balachandran, as authorised by Shri P. S. Supal, moved 1A amendment to circulate The Kerala Municipality (Amendment) Bill, 2025 as reported by the Subject Committee for eliciting public opinion and Shri V. Joy moved 2B amendment to recommit The Kerala Municipality (Amendment) Bill, 2025 to the same Subject Committee and spoke. Shri A. Prabhakaran moved 1A amendment to circulate The Kerala Panchayat Raj (Amendment) Bill, 2025 as reported by the Subject Committee for eliciting public opinion and Shri G. Steephen moved 2B amendment to recommit The Kerala Panchayat Raj (Amendment) Bill, 2025 to the same Subject Committee and spoke. After the reply by the Minister for Local Self Governments, Excise and Parliamentary Affairs, the amendments were withdrawn

by the leave of the House. Then the motion was adopted, and the Bill was taken up for clause by clause consideration and passed with the following amendments.

i) The Kerala Municipality (Amendment) Bill, 2025

രണ്ടാം വകുപ്പ്

i) ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാൻ ഉദ്ദേശിക്കുന്ന വകുപ്പ് 6(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

ii) The Kerala Panchayat Raj (Amendment) Bill, 2025

രണ്ടാം വകുപ്പ്

i) ഖണ്ഡം 2 പ്രകാരം പ്രധാന ആക്റ്റിലെ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 7(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

മൂന്നാം വകുപ്പ്

i) ഖണ്ഡം 3 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 8(4)-ന്റെ ക്ലിപ്തനിബന്ധനയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

നാലാം വകുപ്പ്

I) ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിൽ ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന വകുപ്പ് 9(4)-ന്റെ ക്ലിപ്തനിബന്ധയിൽ "എന്നുള്ളത്" എന്നതിന് പകരം "എന്നത്" എന്ന് ചേർക്കുക.

The House adjourned at 2.10 p.m. to meet again at 9.00 a.m. on Thursday, October 9, 2025.

DR. N. KRISHNA KUMAR,
*Secretary.*